# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1699 — 14.12.2012 ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള പഞ്ചായത്തുകളിലെ അക്കൗണ്ടന്റ് തസ്തിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) കാസർഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക അനുവദിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക അനുവദിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) ഈ പഞ്ചായത്തുകളിൽ അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ? | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നെങ്കിലും ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് എന്നീ രണ്ട് തസ്തിക കളും നിലവിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കേണ്ടതില്ല എന്നും ജീവനക്കാരുടെ എണ്ണം പത്തോ അതിലധികമോ ഉള്ള ഗ്രാമ പഞ്ചായത്തുകളിൽ ഒരു യു.ഡി.ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയാക്കി ഉയർത്താനും നിഷ്കർഷിച്ചിരുന്നു. കാസറഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് /ഹെഡ്ക്ലാർക്ക് എന്നീ തസ്തികകൾ ഉണ്ടെന്ന നിഗമനത്തിലാണ് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കപ്പെടാതെ |

പോയത്. എന്നാൽ കുമ്പള, ചെങ്കള എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം പത്തിലധികമായതിനാൽ ഒരു യു.ഡി. ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയാക്കി ഉയർത്തി അക്കൗണ്ടന്റ് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Sd/-

സെക്ഷൻ ഓഫീസർ